**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 117** **31.10.2019 -ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാലയങ്ങളിൽ സ്റ്റാഫ് പദ്ധതി**

ചോദ്യം **ഉത്തരം**

**ശ്രീ.വി. അബ്ദുറഹിമാൻ**
**ശ്രീ.വി. കെ. സി. മമ്മത് കോയ**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**
**ശ്രീ.യു. ആർ. പ്രദീപ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) ലക്ഷ്യബോധത്തോടെ ദൃഢനിശ്ചയമുള്ള പ്രവർത്തനം വഴി പൊതു വിദ്യാലയങ്ങളിലേയ്ക്ക് ഗണ്യമായ എണ്ണം വിദ്യാർത്ഥികളെ അധികമായി ആകർഷിക്കാൻ പ്രാപ്തമാക്കിയതിന്റെ പുരോഗതി വിശദമാക്കാമോ;

എ) പൊതുവിദ്യാലയങ്ങൾ നിലനിൽക്കേണ്ടതും സംരക്ഷിക്കപ്പെടേണ്ടതുമാണെന്നുള്ള സർക്കാരിന്റെ നിലപാട് പൊതുസമൂഹം അംഗീകരിച്ചതും പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്തിയതും അത് പൊതുസമൂഹത്തിന്റെയാകെ പങ്കാളിത്തത്തോടെ പ്രായോഗിക തലത്തിൽ നടപ്പിലാക്കിയതും പൊതുവിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്തി. ഒരു കോടി, മൂന്ന് കോടി, അഞ്ച് കോടി പദ്ധതികളുടെ നടത്തിപ്പിലൂടെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ വലിയ വികസനം ഉണ്ടായിട്ടുണ്ട് . ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം മുഖേന ശ്രദ്ധ, സ്പെഷ്യൽ എൻറിച്ച്മെൻറ് പ്രോഗ്രാം ഫോർ ട്രൈബൽ കോസ്റ്റൽ എന്നീ പദ്ധതികളും സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ സുരീലി ഹിന്ദി , മലയാള തിളക്കം, ഹലോ ഇംഗ്ലീഷ് , ഗണിത വിജയം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളുടെയെല്ലാം പ്രത്യക്ഷ പ്രതിഫലനമാണ് കഴിഞ്ഞമൂന്ന് വർഷങ്ങളിലായി 5,04,851 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി എത്തിയത്. എല്ലാ കുട്ടികളെയും പൊതു വിദ്യാലയങ്ങളിലേയ്ക്ക്

ആകർഷിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വാർഡ് തലങ്ങളിൽ വീടുകൾ തോറും കയറിയുള്ള സ്ക്വാഡ് വർക്ക്, രക്ഷിതാക്കൾക്കും, ജനപ്രതിനിധികൾക്കുമുള്ള പരിശീലനം, രക്ഷാകർതൃ ബോധവത്കരണം, കോർണർ പി.ടി.എ, പഠനോത്സവം തുടങ്ങിയ പരിപാടികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ ആവശ്യമായ റിസോഴ്സ് അദ്ധ്യാപകരുടെയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെയും നിയമനം നടത്തി. കിടപ്പിലായ ഭിന്ന ശേഷിക്കാരായ കുട്ടികളുടെ അക്കാദമിക മികവിനു വേണ്ടി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസവും സാമൂഹികവത്കരണത്തിനായി ചങ്ങാതിക്കൂട്ടം പരിപാടിയും നടത്തിയിട്ടുണ്ട്. കൂടാതെ വിദ്യാലയം ആകർഷകമാക്കാനും ഭൗതിക സൗകര്യം ഉയർത്തുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

ബി) വിദ്യാഭ്യാസ രംഗത്ത് രാജ്യത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയതിനെത്തുടർന്ന് ലോകബാങ്ക്സഹായത്തോടെയുള്ള സ്റ്റാഴ്സ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

ബി) സ്റ്റാർസ് പദ്ധതിക്ക് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള 6 സംസ്ഥാനങ്ങളിലെ പഠനബോധനാ പ്രക്രിയയും പഠന നേട്ടങ്ങളും ശാക്തീകരിക്കുക (Strengthening teaching Learning and Results for States) എന്ന പദ്ധതി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം വഴി നടപ്പിലാക്കാനുള്ള പ്രാരംഭ ചർച്ചകൾ നടന്നിട്ടുണ്ട്. ഈ പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടെ മാനവ വിഭവശേഷി മന്ത്രാലയമാണ് നടപ്പിലാക്കുക. ഈ പദ്ധതിയുടെ ഭാഗമായി പ്രീസ്കൂൾ വിദ്യാഭ്യാസം , പഠന വിലയിരുത്തൽ സമ്പ്രദായത്തിന്റെ മെച്ചപ്പെടുത്തൽ, അദ്ധ്യാപക ശാക്തീകരണം വഴിയുള്ള സ്കൂൾ നേതൃത്വവും പഠനബോധന പ്രക്രിയയുടെ ശാക്തീകരണവും, തൊഴിൽ നൈപുണിയും വൊക്കേഷണൽ വിദ്യാഭ്യാസവും, വിദ്യാഭ്യാസ മാനേജ്മെൻറും നിർവ്വഹണവും എന്നീ മേഖലകളിലാണ് സാമ്പത്തിക അക്കാദമിക സഹായങ്ങൾ ലഭ്യമാകുന്നത്. 'STARS ' പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എം.എച്ച്.ആർ.ഡി ഉത്തരവ് ലഭിക്കേണ്ടതുണ്ട്.

| | |
|---|---|
| സി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ കിടയറ്റതാക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ? | സി) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കോഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിനും തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള പ്രവർത്തനങ്ങളാണ് കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി;<br><br>1. എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. 4752 സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.<br><br>2. 4751 ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉൾപ്പെടെ 11579 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി.<br><br>3. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം പൂർത്തിയായി. കിഫ്ബി ധനസഹായത്തോടെയുള്ള 292 കോടി രൂപയുടെ പദ്ധതിയാണിത്.<br><br>4. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിലെയും തെരഞ്ഞെടുക്കപ്പെട്ട ഒരു സ്കൂൾ എന്ന നിലയിൽ 141 സ്കൂളുകൾക്ക് 5 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും കൂടാതെ അടിസ്ഥാനസൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട 96 സ്കൂളുകൾക്ക് 3 കോടി ചെലവഴിച്ച് നിർമ്മാണ പ്രവർത്തികൾ നടത്താനും കിഫ്ബി മുഖാന്തിരം 993 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. |

തുടർന്ന് പ്രസ്തുത പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിച്ച് കോൺട്രാക്ടർമാർക്ക് വർക്ക് അവാർഡ് ചെയ്യുകയും നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുകയുമാണ്.

5. ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

6. അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് നാലു ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകി. ലോവർ പ്രൈമറി (45166), അപ്പർപ്രൈമറി (36760), ഹൈസ്കൂൾ (26860), ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി (22761) അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു.

7. ഹൈസ്കൂൾ ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെതന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്' 2060 ഹൈസ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ